# കാമ്പസ് അൽജാമിഅ




• അബ്ദുല്ല മൻഹാം • ഡോ. സുബ്ഹാനി

**എസ്.എസ്.എൽ.സിക്ക്** ശേഷം പ്ലസ്ടു പഠനത്തോടൊപ്പമുള്ള ദിവത്സര സീനിയർ സെക്കന്ററി കോഴ്സ്, കാലിക്കറ്റ് യൂനിവേഴ്സിറ്റി ബി.എ ബിരുദത്തോടൊപ്പമുള്ള ഉസൂലുദ്ദീൻ (Islamic Studies), ശരീഅഃ (Islamic Jurisprudence) ഡിഗ്രി കോഴ്സുകൾ, കംപാരറ്റീവ് റിലീജിയൻ, ഖുർആനിക് സ്റ്റഡീസ് എന്നീ ബിരുദാനന്തര കോഴ്സുകൾ, ഇസ്‌ലാമിക് എക്കണോമിക്സിലും അറബി ഇംഗ്ലീഷ് ട്രാൻസ്‌ലേഷനിലും ഏക വർഷ ഡിപ്ലോമ കോഴ്സുകൾ, ഇമാം-ഖത്വീബ് ഇൻസ്റ്റിറ്റ്യൂട്ട്, ദക്ഷിണേന്ത്യയിലെ ഏറ്റവും വലിയ ഇസ്‌ലാമിക് റഫറൻസ് ലൈബ്രറി, സെന്റർ ഫോർ ഹ്യൂമൻ റിസോഴ്സ് ഡവലപ്മെന്റ്, സെന്റർ ഫോർ ഇൻഫോർമേഷൻ ടെക്നോളജി എന്നിവ ഉൾക്കൊള്ളുന്നതാണ് അൽജാമിഅ കാമ്പസ്. എല്ലാ ഫാക്കൽറ്റികളിലും പെൺകുട്ടികൾക്കും പ്രവേശനം നൽകുന്നുണ്ട്.

കേരളത്തിലും ഇന്ത്യയിലും ലഭിക്കാവുന്ന ഏറ്റവും മികച്ച അധ്യാപകരാണ് അൽജാമിഅയിൽ ഇന്നുള്ളത്. വിദേശ പ്രഫസർമാരുടെ ഫുൾടൈം സാന്നിധ്യവും കാമ്പസിനെ ഇതര കലാലയങ്ങളിൽനിന്ന് വ്യത്യസ്തമാക്കുന്നു. ദേശീയ അന്തർദേശീയ രംഗത്ത് ശ്രദ്ധേയരായ വിദ്യാഭ്യാസ വിചക്ഷണർ വിസിറ്റിംഗ് പ്രഫസർമാരായും അൽജാമിഅയിൽ സേവനമനുഷ്ഠിക്കുന്നുണ്ട്. പ്രമുഖ ഖുർആൻ പണ്ഡിതൻ ഡോ. ഇനായത്തുല്ലാ സുബ്ഹാനിയാണ് അൽജാമിഅ ഖുർആൻ ഫാക്കൽറ്റിയുടെ ഡീൻ. റിയാദിലെ ഇമാം മുഹമ്മദ്ബ്നു സുഊദ് യൂനിവേഴ്സിറ്റിയിൽനിന്ന് ഖുർആനിക പഠനത്തിൽ പി.ജിയും ഡോക്ടറേറ്റും കരസ്ഥമാക്കിയ അദ്ദേഹം നിരവധി ഗ്രന്ഥങ്ങളുടെ രചയിതാവ് കൂടിയാണ്. ഇംഗ്ലീഷ് ഉൾപ്പെടെയുള്ള നിരവധി ഭാഷകളിലേക്ക് അദ്ദേഹത്തിന്റെ പുസ്തകങ്ങൾ വിവർത്തനം ചെയ്യപ്പെട്ടിട്ടുണ്ട്. *അൽബുർഹാൻ ഫീനിളാമിൽ ഖുർആൻ, മുഹമ്മദുൻ അറബി, ഹഖീഖതെ റജ്മ്, അൽമീസാൻ, തഫ്ഹീമുൽ ഖുർആൻ അസീം തഫ്സീരി കാർനാമ, ലാ ഇക്റാഹ ഫിദ്ദീൻ* തുടങ്ങിയവയാണ് അദ്ദേഹത്തിന്റെ പ്രധാന കൃതികൾ. യമൻ സ്വദേശികളായ സ്വാദിഖ് മുഹമ്മദ് മൻസിലിയും മുഹമ്മദ് അബ്ദുൽ ഗനി അന്നഹാരിയുമാണ് അൽജാമിഅയിലെ ഫുൾടൈം വിദേശ അധ്യാപകർ. പ്രമുഖ ഭാഷാപണ്ഡിതനായ അബ്ദുല്ലാ മൻഹാമാണ് ഇപ്പോൾ അൽജാമിഅയുടെ റെക്ടർ. ഇൽയാസ് മൗലവി അസിസ്റ്റന്റ് റെക്ടറായും കെ. അബ്ദുൽ കരീം, കെ.എം അശ്റഫ്, ഡോ. പി. ഇബ്റാഹീം, അബ്ദുർറഹ്മാൻ കൊടുവള്ളി എന്നിവർ വ്യത്യസ്ത ഫാക്കൽറ്റികളുടെ ഡീനുകളായും സേവനമനുഷ്ഠിക്കുന്നു.




• മുഹമ്മദ് നഹാരി • സ്വാദിഖ് മൻസിലി